പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .161

17.06.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ തൊഴിൽപരമായ പ്രശ്നങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ. ഗുരുദാസൻ<br>,, കെ. ദാസൻ<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, എസ്. ശർമ്മ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ തൊഴിൽപരമായ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ രൂപീകരിക്കുമെന്ന് സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം കമ്മീഷൻ രൂപീകരിച്ചോ എന്ന് വ്യക്തമാക്കാമോ; | (എ) | ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | കമ്മീഷൻ അംഗങ്ങൾ ആരെല്ലാമാണ്; സാങ്കേതിക വിദഗ്ദ്ധരെ പ്രസ്തുത കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെന്ന് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | 60 നോട്ടിക്കൽ മൈൽവരെയുള്ള ഉൾക്കടലിൽ മത്സ്യബന്ധനത്തിന് പോകാനുള്ള തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം 12 നോട്ടിക്കൽ മൈൽ വരെയുള്ള കടൽഭാഗം മാത്രമേ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലുള്ളൂ. അതിനുശേഷമുള്ള കടലിലെ പ്രദേശത്ത് മത്സ്യബന്ധനത്തിന് ഉള്ള കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. കേന്ദ്ര കൃഷി മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കടലിലെ 12 നോട്ടിക്കൽ മൈലിന് പുറത്തുള്ള പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നതിനും കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ പെർമിഷൻ ആവശ്യമാണ്. |
| (ഡി) | വാണിജ്യ കപ്പലുകൾക്കുള്ള കപ്പൽപാത എത്ര നോട്ടിക്കൽ മൈലിന് പുറത്താണെന്ന് വ്യക്തമാക്കുമോ; ഈ വ്യവസ്ഥ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | 12 നോട്ടിക്കൽ മൈൽ വരെയുള്ള കടൽഭാഗമാണ് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ ഉള്ളത്. അതിനപ്പുറമുള്ള കടൽഭാഗം കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. കേരളത്തിന് അധികാര പരിധിയുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്തുകൂടി കപ്പലുകൾക്ക് ഇന്നസെന്റ് പാസേജ് അനുവദിക്കണമെന്ന് കേന്ദ്ര ആക്ടിൽ (ടെറിട്ടോറിയൽ വാട്ടേഴ്സ്, കോണ്ടിനെന്റൽ ഷെൽഫ് എക്സ്ക്ലൂസീവ് എക്കണോമിക് സോൺ ആക്ടിൽ) വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | മത്സ്യത്തൊഴിലാളികൾക്ക് കടലിൽനിന്നും കരയിലേക്കുള്ള വാർത്താവിനിമയ ബന്ധങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കരയുമായി വാർത്താവിനിമയ ബന്ധം സ്ഥാപിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 600 ആഴക്കടൽ മത്സ്യബന്ധന യൂണിറ്റുകൾക്ക് വി.എച്ച്.എഫ് അധിഷ്ഠിത ആശയവിനിമയ സംവിധാനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനങ്ങൾക്കായി / വാർത്താ വിനിമയ ബന്ധങ്ങൾക്കായി വൺ ടു വൺ കമ്മ്യൂണിക്കേഷൻ സിസ്റ്റം പ്രവർത്തിച്ചുവരുന്നു. റസ്ക്യൂ ബോട്ടും, ഫിഷറീസ് സ്റ്റേഷനും തമ്മിലാണ് വൺ ടു വൺ കമ്മ്യൂണിക്കേഷൻ സിസ്റ്റം പ്രവർത്തിച്ചുവരുന്നത്. ഈ വാർത്താവിനിമയ ബന്ധം സംബന്ധിച്ചുള്ള കൂടുതൽ പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴിയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ